(Pages : 4)

N – 7505

ALL SAINTS COLLEGE LIBRARY
NO.
TRIVANDRUM

Reg. No. : .....

Name : .....

Fourth Semester B.A./B.Sc. Degree Examination, August 2022

First Degree Programme under CBCSS

Language Course – Additional Language – Malayalam

ML 1411.1 : വിനിമയം, സർഗ്ഗാത്മകരചന, ഭാഷാവബോധം

(2014 - 2017 Admission)

Time : 3 Hours

Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്കിലോ ഉത്തരമെഴുതുക.

1. 'വൃത്താന്തപത്രപ്രവർത്തനം' എന്ന കൃതി രചിച്ചതാര്?

2. ലിറിക്കൽ ബാലഡ്സിന്റെ ആമുഖമെഴുതിയതാര്?

3. സാഹിത്യവിദ്യ എന്ന കൃതി ആരുടേതാണ്?

4. 'കഥയുടെ ന്യൂക്ലിയസ്' എന്ന പുസ്തകം എഴുതിയതാര്?

5. Understanding Media - എന്ന കൃതി രചിച്ചതാര്?

6. 'മാധ്യമമാണ് സന്ദേശം' എന്ന പ്രസ്താവന നടത്തിയതാര്?

7. തെറ്റും ശരിയും 'തെറ്റില്ലാത്ത മലയാളം' - എന്നീ കൃതികൾ രചിച്ചതാര്?

8. കാരയത്രി, ഭാവയിത്രി എന്നീ സങ്കൽപ്പനങ്ങൾ ആരുടേതാണ്?

P.T.O.

9. പ്രഥമ ഭാവന, ദ്വിതീയ ഭാവന എന്നീ അഭിപ്രായങ്ങൾ മുന്നോട്ടു വച്ച കവി ആര്?

10. 'ഉയരുന്ന യവനിക' എന്ന നാടക പഠനഗ്രന്ഥം രചിച്ചതാര്?

(10 × 1 = 10 Marks)

II. **ഒരു** ഖണ്ഡികയിൽ കവിയാതെ **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. ആശയവിനിമയ പ്രക്രിയയുടെ അടിസ്ഥാനവികാരം എന്ത്?

12. പ്രഭാഷണാത്മക ആശയവിനിമയം എന്നാലെന്ത്?

13. ആശയവിനിമയ ഘടകങ്ങൾ എന്തെല്ലാം?

14. ആശയവിനിമയവുമായി ബന്ധപ്പെട്ട വെടിയുണ്ട സിദ്ധാന്തം എന്നാലെന്ത്?

15. ഒരു പൂ വിരിയുന്നു ഒരു കവിത ജനിക്കുന്നു - സുഗതകുമാരിയുടെ ഈ വാക്കുകൾ അർത്ഥമാക്കുന്നതെന്ത്?

16. എണ്ണവെയിലായിരുന്നു പതുക്കവേ

അന്തിവന്നെത്തുകയായി - ഈ വരികളുടെ രചനാ പശ്ചാത്തലം സംബന്ധിച്ച് സുഗതകുമാരിയുടെ അഭിപ്രായം എന്ത്?

17. ബുദ്ധന്റെ ശൂന്യവാദത്തിന് പിന്നിലും അനന്തതയുടെ വാഗ്ദാനമുണ്ട്. - സുഗതകുമാരി ഇങ്ങനെ പറയാൻ കാരണമെന്ത്?

18. ഇന്റർനെറ്റ് ഒരു വിനിമയ മാധ്യമമാകുന്നതെങ്ങനെ?

19. ചിഹ്നനം എന്നാലെന്ത്?

20. സുതാര്യത ഭരണഭാഷയിൽ ആവശ്യമാണോ? എന്തുകൊണ്ട്?

21. തലക്കെട്ടുകൾ സർഗ്ഗാത്മകമാകുന്നതെങ്ങനെ?

22. പഴഞ്ചൊല്ലുകളും ശൈലികളും സംവേദനം ചെയ്യുന്നതെങ്ങനെ?

(8 × 2 = 16 Marks)

III. ഒന്നരപ്പുറത്തിൽ കവിയാതെ **ആറ്** ചോദ്യത്തിന് ഉത്തരമെഴുതുക.

23. ആശയവിനിമയരീതികളെ വിഭജിക്കുന്നതെങ്ങനെ?

24. പത്തൊമ്പതാം ശതകത്തിനൊടുവിൽ ആശയവിനിമയ രംഗത്തുണ്ടായ മാറ്റങ്ങൾ എന്തെല്ലാമായിരുന്നു?

25. മാധ്യമരംഗത്ത് മാർഷൽ മെക്ലുഹാൻ മുന്നോട്ടുവച്ച സങ്കൽപ്പങ്ങൾ എന്തെല്ലാമായിരുന്നു?

26. ആശയവിനിമയ സിദ്ധാന്തങ്ങൾ സാംസ്ക്കാരിക വിപ്ലവങ്ങളുമായി ചേർന്നാണ് രൂപപ്പെട്ടത് എന്നു പറയാൻ കാരണമെന്ത്?

27. ഭരണനിർവ്വഹണം മാതൃഭാഷയിലൂടെയാകേണ്ടതിന്റെ ആവശ്യകതയെന്ത്?

28. അനുവാചകന്റെ പ്രതിഭയെക്കുറിച്ച് ഭാരതീയ സൈദ്ധാന്തികർ മുന്നോട്ടുവയ്ക്കുന്ന ദർശനമെന്ത്?

29. തിരക്കഥാരചനയുടെ സർഗ്ഗാത്മകതലം പരിശോധിക്കുക.

30. വാക്യരചനയെ വ്യാകരണവഴിയിൽ നിന്ന് സർഗ്ഗാത്മകമാക്കുകയാണ് എഴുത്തുകാർ - വ്യക്തമാക്കുക.

31. കഥാരചനയെക്കുറിച്ച് എം.ടി. വാസുദേവൻ നായർ മുന്നോട്ടുവയ്ക്കുന്ന അഭിപ്രായങ്ങൾ ചർച്ച ചെയ്യുക.

(6 × 4 = 24 Marks)

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

32. ആശയവിനിമയം സംബന്ധിച്ചുള്ള വ്യത്യസ്ത അഭിപ്രായങ്ങൾ ക്രോഡീകരിക്കുക.

33. ഭരണഭാഷ, മാനകഭാഷ എന്നിവയുടെ പിന്നിലെ രാഷ്ട്രീയവും അധികാര വിഷയങ്ങളും ചർച്ച ചെയ്യുക.

34. സർഗ്ഗാത്മകത എന്നാലെന്ത്? എഴുത്തുകാരനും ആസ്വാദകനും അതിലിടപെടുന്നതെങ്ങനെ? ഭാരതീയ കാവ്യശാസ്ത്രത്തെ മുൻനിർത്തി വിശകലനം ചെയ്യുക.

35. ഒരു കഥ ജനിക്കുന്നു - എം.ടി. വാസുദേവൻ നായർ തന്റെ സർഗ്ഗാത്മകജീവിതം വിവരിക്കുന്നതെങ്ങനെ? ചർച്ച ചെയ്യുക.

(2 × 15 = 30 Marks)
